(എ) കണ്ണൂർ മുനിസിപ്പാലിറ്റിയിലെ ജവനക്കാരനായിരുന്ന പള്ളിപ്പാത്ത് അബ്ദുള്ളയുടെ കുടുംബ പെൻഷൻ ലഭിക്കുന്നതിന് പരേതന്റെ വിധവ അപേക്ഷ സമർപ്പിച്ചിരുന്നോ; എങ്കിൽ എന്നാണ് അപേക്ഷ ലഭിച്ചതെന്നറിയിക്കുമോ;

(ബി) ഇതിൻ പ്രകാരം പരേതന്റെ ഭാര്യക്ക് പെൻഷൻ ലഭ്യമാക്കിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അടിയന്തിരമായി ലഭ്യമാക്കുന്നതിന് അധികൃതർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 26-7-1999-ൽ അപേക്ഷ ലഭിച്ചിരുന്നു. എന്നാൽ പ്രസ്തുത അപേക്ഷ പൂർണ്ണമായിരുന്നില്ല.

(ബി) ഇല്ല.

(സി) ആവശ്യമായ എല്ലാ രേഖകളും ലഭിക്കാത്തതിനാലാണ് കുടുംബ പെൻഷൻ അനുവദിക്കാൻ സാധിക്കാത്തത്. മുനിസിപ്പൽ ഭരണ ഡയറക്ടറാണ് പെൻഷൻ അനുവദിക്കുന്നതിനുള്ള അധികാരി. അപേക്ഷകയുടെ കുടുംബ പെൻഷൻ അനുവദിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ മുനിസിപ്പൽ ഭരണഡയറക്ടറുടെ ആഫീസിൽ സ്വീകരിച്ചുവരുന്നു.

126 (706) മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

എം.പി.

ശ്രീ. എ.പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മുഴുപ്പിലങ്ങാട് പഞ്ചായത്തിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേററിനുവേണ്ടി സ്ഥലം അക്വയർ ചെയ്യുന്നതിലേക്ക് ഗ്രാമപഞ്ചായത്ത് നൽകിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിശ്ചിത പ്രൊഫോമയിൽ ബന്ധപ്പെട്ട രേഖകൾ സഹിതം ഡെപ്യൂട്ടി ഡയറക്ടർമുഖേന പ്രൊപ്പോസൽ സമർപ്പിക്കുവാൻ മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

127 (707) മലപ്പുറം ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റേ ചെയ്ത പ്രവർത്തനങ്ങൾ

ശ്രീ. പി.കെ.അബ്ദുറബ്ബ് :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. സി. റ്റി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ഗ്രാമപഞ്ചായത്തിന്റെ ഏതൊക്കെ പ്രവർത്തനങ്ങളും പരിപാടികളും കഴിഞ്ഞ രണ്ടു വർഷത്തിനിട

LIBRARY ARCHIVES Kerala Legislative Assembly